WEDNESDAY 09-03-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/03/2022.

1. കാർഷിക മേഖലയിൽ നിന്നുള്ള കാർബൺ പുറംതള്ളൽ ക്രമേണ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഈ വർഷം മുതൽ **കാർബൺ തൂലിതാകൃഷി രീതി** പ്രചാരത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾക്ക് കൃഷിവകുപ്പ് ആരംഭിച്ചിരിക്കുകയാണ്. ഈ ജനകീയ ക്യാമ്പയിനു വേണ്ടി ലോഗോ തെരഞ്ഞെടുക്കുന്നതിനായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. പി എൻ ജി (.png) ഫോർമാറ്റിൽ തയ്യാറാക്കിയ ലോഗോ ഈ മാസം 11-ന് (11/03/2022 ന്) മൂന്ന് മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ fiblogo@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മെയിലിൽ രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0471-2318186** എന്ന ഫോൺ നമ്പറിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്.

2. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ 1,2,3,4,5,6,7,8,9, വിജയ്, കരിമുണ്ട** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

3. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 12 വരെ (മാർച്ച് 12 വരെ) മുള്ളംകൊല്ലി, പുൽപള്ളി ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ www.sfackerala.org എന്ന വെബ്സൈറ്റ് വഴി സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800-425-1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി **വളർത്തു നായകൾക്കും പൂച്ചകൾക്കുമായി സൗജന്യ പേവിഷ പ്രതിരോധ കുത്തിവയ്പ്പ്** ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇന്ന് **(മാർച്ച് ഒമ്പതിന്)** വെള്ളച്ചിമൂല, അമ്പലക്കുന്ന്, മോഡൽ റെസിഡൻഷ്യൽ സ്കൂൾ, കൊഴിഞ്ഞങ്ങാട്, പുളിക്കൽക്കുന്ന്, ചെറുവടി, തേർവാടിക്കുന്ന്, കരണി വെറ്ററിനറി സബ്സെന്റർ, ചോമാടി കുറുമ കോളനി, പുതൂർ വായനശാല, അരിമുള വെറ്ററിനറി സബ്സെന്റർ, മുളപറമ്പത്തുകുന്ന് കനാൽ റോഡ് പരിസരം എന്നീ പ്രദേശങ്ങളിലും ക്യാമ്പുകൾ നടക്കും. പേവിഷ പ്രതിരോധ കുത്തിവയ്പ്പ് എടുത്തതിനു ശേഷം സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കി എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് എടുക്കേണ്ടതാണെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

**പരിശീലന പരിപാടികൾ**

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രത്തിൽ വച്ച് നാളെ (മാർച്ച് 9) രാവിലെ 10 മണിക്ക് **കാർഷിക യന്ത്രങ്ങളെക്കുറിച്ചും സ്മാം (SMAM) പദ്ധതിയെക്കുറിച്ചും, സ്മാമിൽ രജിസ്റ്റർ** ചെയ്യുന്നതിനെക്കുറിച്ചും പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ **0466-2912008, 0466-2212279, 6282937809** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക. സ്മാമിൽ രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളവർ ബന്ധപ്പെട്ട രേഖകൾ കൂടി കൊണ്ടുവരണമെന്ന് പ്രോഗ്രാം കോർഡിനേറ്റർ അറിയിക്കുന്നു.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് മാർച്ച് 10-ന് രാവിലെ 10.00 മണി മുതൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ കോവിഡ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാക്സിനേഷൻ സ്വീകരിച്ച സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491 – 2815454** എന്ന ഫോൺ നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കാർഷിക ഉത്പാദന ക്ഷമതയ്ക്ക് തേനീച്ച പരിപാലനം എന്ന ലക്ഷ്യത്തോടൊപ്പം കർഷകർക്ക് തേനധിഷ്ഠിത ഉത്പന്ന നിർമ്മാണവും പരിശീലനവും ലക്ഷ്യമാക്കി ഹോർട്ടികോർപ്പും തൊടുപുഴ കൃഷിഭവനും സംയുക്തമായി **തേൻ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം** എന്ന വിഷയത്തിൽ മാർച്ച് 15,16,17 തീയതികളിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ മാർച്ച് 10 നു മുമ്പായി **9447910989** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **പെറ്റ് ഷോപ്പ് റൂൾ, ഡോഗ് ബ്രീഡിംഗ് റൂൾ** എന്നീ വിഷയങ്ങളിൽ സൗജന്യ പരിശീലന ക്ലാസ് നടത്തുന്നു. താൽപര്യമുള്ളവർ ഈ മാസം 10-ന് (മാർച്ച് 10) മുമ്പ് **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **04829–234323** എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 10,11 (മാർച്ച് 10,11) തീയതികളിൽ **പാലും പരിശുദ്ധിയും – കർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേരെയാണ് പരിശീലനത്തിൽ ഉൾപ്പെടുത്തുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ **0471–2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം പി.ഒ, തിരുവനന്തപുരം –695004 എന്ന വിലാസത്തിൽ നേരിട്ടോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലനകേന്ദ്രത്തിൽ മാർച്ച് മാസം 10,11 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0479 – 2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.